# അക്കാദമിക മാസ്റ്റർ പ്ലാൻ

NSS LP SCHOOL KAPPU

**അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ**

- 1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക. **(മലയാളം, ഇം ്രഷ )**
- 2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക. **(മലയാളം, ഇം ്രഷ )**
- 3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.
- 4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.
- 5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- 6. ആശയാവതരണ രീതികളുടെ പ്രയോഗ്യതയും സാധുതയും ഗൗരവമായി പഠിക്കുക.
- 7. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
- 8. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രാജക്ടുകളിൽ ധാരണ നേടുക.

.ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

- 1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).
- 2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).
- 3. എസ്.ആർ.ജി യോഗത്തിലെ പരിശീലന അനുഭവ റിപ്പോർട്ട് അവതരണം.
- 4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
- 5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.
- 6. **പരിക്ഷനോത്സവം, പഠനപ്രവരത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏരപ്പെടു ലഘു പരിക്ഷണങ്ങൾ.**
- 7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.
- 8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.
- 9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതൃമാർഗ്ഗത്തിലൂം.
- 10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.
- 11. വായനോത്സവം, രചനോത്സവം.

ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

അധ്യാപന-അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രത്യേക പ്രവർത്തന പാക്കേജ് | ജൂൺ 3 - ജൂൺ 13, 2025 |
| 3 | മലയാള മധുരം | ജൂൺ 2025 - മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025 - മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025 - മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം, വർക്ക് ബുക്ക് | ജൂൺ 2025 (വിതരണം) |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025 - മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ 2025 - മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 (ആരംഭം), ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വീതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനുവരി 2026 |
| 12 | ഗണിതകിറ്റ്, ഗണിതമൂല | 2025 |
| 13 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ 2025 - മാർച്ച് 2026 |
| 14 | Hello English Adaptation | ജൂൺ 2025 - മാർച്ച് 2026 |
| 15 | ക്ലാസ്സ്തല ബാലസഭ | എല്ലാ ശനി ദിവസങ്ങളിലും (പ്രവർത്തനമുള്ള ദിവസങ്ങളിൽ) |
| 16 | അരങ്ങത്തേക്ക് | ജൂലൈ 2025 - മാർച്ച് 2026 |
| 17 | പരീക്ഷണോത്സവം | ജൂലൈ 2025 - മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിങ് | എല്ലാ മാസവും |
| 19 | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## ജൂൺ 3 മുതൽ ജൂൺ 13 വരെ -പ്രത്യേക പ്രവർത്തനങ്ങൾ

| തിയതി | വിഷയ മേഖലകൾ |
| --- | --- |
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

### സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

# എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ്.ആർ.ജി മാസ്റ്റിൽ തയ്യാറാക്കണം.

# 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.

# കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.

# സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.

#:ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.

# ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

# ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം.

# പ്രത്യേക പ്രവർത്തന പാക്കേജ്

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025 ജൂൺ 3 മുതൽ ജൂൺ 13 വരെയുള്ള തീയതികളിൽ ലോവർ പ്രൈമറി (എൽ.പി) തലത്തിലെ വിദ്യാർത്ഥികൾക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ. അടിസ്ഥാനപരമായ ധാരണകളും കഴിവുകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ, ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രവർത്തനങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു:

പിന്തുണ അനുബന്ധങ്ങൾ:-

1) വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവറിയാൻ (കൈപ്പുസ്തകം)

2) ജീവിതപാഠം (കൈപ്പുസ്തകം)

3) a) തെളിവാനം വരയ്ക്കുന്നവർ(പുസ്തകം, അതിനായുള്ള മൊഡ്യൂൾ)

b) ലഹരി ഒരു തിരിച്ചറിവ്- കുറിപ്പ്

4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)

5) മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം-

6)ഹരിതവിദ്യാലയം പ്രവർത്തനമാർഗ്ഗരേഖ

7) ആരോഗ്യം, വ്യായാമം, കായികക്ഷമത

- ❖ കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ
- ❖ ഉല്ലാസപ്പറവകൾ- കൈപ്പുസ്തകം
- ❖ സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ
- ❖ ആക്റ്റിവിറ്റി ബുക്ക്.
- ❖ ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ
- ❖ സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

## എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

### 2025 ജൂൺ 3: പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം. നിലവിലുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുമുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
    - പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.
    - അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.

- ◦ വിദ്യാലയത്തെ മനസ്സിലാക്കൽ: സ്കൂളിന്റെ വിവിധ ഭാഗങ്ങളായ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം, സ്റ്റോർ, ടോയ്ലറ്റുകൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള കുറിപ്പുകളോടെ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ നടപടികൾ, പകർച്ചവ്യാധി പ്രതിരോധം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, പൂന്തോട്ടങ്ങൾ (പൂന്തോട്ടം, അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം), സസ്യ വൈവിധ്യം, ലൈബ്രറി എന്നിവയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.
- ◦ രീതിശാസ്ത്രം: നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ തയ്യാറാക്കൽ, ലളിതമായ ജോലികൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

## 2025 ജൂൺ 4: സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - ◦ റോഡ് സുരക്ഷാ ചർച്ച: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും.
  - ◦ മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കുട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.
  - ◦ സ്കൂൾ വാഹന സുരക്ഷ: സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

## 2025 ജൂൺ 5: ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം , മാലിന്യമുക്ത വിദ്യാലയം

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - ◦ വ്യക്തിഗത ശുചിത്വം (10 മിനിറ്റ്):
    - ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
    - ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ഭംഗിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).
    - എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
    - ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
  - ◦ പരിസര ശുചിത്വം (20 മിനിറ്റ്):
    - അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്സുറി, സാധനങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, സ്റ്റാഫ് റൂം, അടുക്കള/ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.
    - നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

   - ഹരിത കാമ്പസ് (20 മിനിറ്റ്):
      - സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.
      - ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ.
   - വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):
      - സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.

## 2025 ജൂൺ 9: പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം, ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ ധാരണ വളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
   - തലമുടി മുതൽ കാൽ വരെ പരിചരണം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:
      - തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ഭംഗിയായി ചീകുക.
      - മുഖം: ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.
      - കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക.
      - മൂക്ക്: മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തൂവാല ഉപയോഗിക്കുക.
      - വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ കുടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.
      - ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.
      - കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകുക.
      - പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.
      - ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.
   - പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം. ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ് വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS പിങ്ക്/നീല ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ. ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.
   - കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും

ടാബ്ലെറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക, തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കുറവാക്കുക. ദീർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് "20-20-20-20 നിയമം" പാലിക്കുക.

- ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. ഏതെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കടിച്ച് കഴിക്കുന്നത് ഒഴിവാക്കി പതുക്കെ കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃദുലമായ ബ്രഷും ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത്പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.
- വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.
- മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

## 2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ച്ചവടെപറയുന്ന പ്രയോജനപ്പെടുത്താവുന്നതാണ്. കാര്യങ്ങൾ ചർച്ചാസൂചകമായി

- ➢ രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ➢ ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ➢ ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- ➢ കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
- ➢ കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
- ➢ സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
- ➢ ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.
- ➢

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും
ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള

**1:** പൊതുമുതൽ സംരക്ഷണം

**2025 ജൂൺ 11:** പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ:

- അവബോധ ക്ലാസ്സുകൾ:
  - പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.
- ശുചീകരണ യജ്ഞങ്ങൾ:
  - സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.
- മാതൃകാപരമായ പെരുമാറ്റം:
  - പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.
  - പൊതു ടോയ്‌ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.
- ചുമർ ചിത്രങ്ങളും സന്ദേശങ്ങളും:
  - പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുമർ ചിത്രങ്ങൾ വരയ്ക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.

**2025 ജൂൺ 13:** രാസ-ലഹരി, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുടെയും മൊബൈൽ അഡിക്ഷന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവരിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നതാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പ്രധാന പ്രവർത്തനങ്ങൾ:

- ബോധവൽക്കരണ സെമിനാറുകൾ:
  - രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- ലഘുലേഖകളും പോസ്റ്ററുകളും:
  - ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.
  - വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
- ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:
  - പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ

വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കുട്ടികളെ അവയിലേക്ക് ആകർഷിക്കുക.
- കൗൺസിലിംഗ് സൗകര്യം:
  - അമിതമായി മൊബൈൽ ഉപയോഗിക്കുന്നതോ, ലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളതോ ആയ കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.
  - മാതാപിതാക്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം നൽകുകയും കുട്ടികളെ നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- മാതൃകയാവുക:
  - അധ്യാപകരും രക്ഷിതാക്കളും മൊബൈൽ ഫോണിന്റെയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
  - ക്ലാസ് മുറികളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

**Standard 2**

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

| **മലയാളം** |
|---|

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

## മുന്നൊരുക്കം

- ✓ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- ✓ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

- ✓ രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

| **ജൂൺ** |
|---|

- o വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
- o ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- o ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- o വായനാ സാമഗ്രികൾ നിർമിക്കൽ

| **ജൂലൈ** |
|---|

- ❖ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- ❖ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

| **ആഗസ്റ്റ്** |
|---|

- ❖ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- ❖ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- ❖ വീട്ടു ലൈബ്രറി ഒരുക്കൽ
- ❖ ചിത്ര വിവരണം

- ❖ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- ❖ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ
- ❖ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- ❖ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- ❖ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

## ഒക്ടോബർ

- ❖ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- ❖ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

**ഉദാ:**- ആന

വലിയ ആന

കറുത്ത വലിയ ആന

## നവംബർ

- ❖ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

- ❖ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ❖ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

| **ഗണിതം** |
|---|

**<u>ആമുഖം</u>**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>**

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തന ലക്ഷ്യം**

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

| **ജൂൺ** |
| --- |

1, 2, 3, 4 ......

1,3,5,7....

10,20,30, 40 ,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

| **ജൂലൈ** |
| --- |

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

| **ആഗസ്റ്റ്** |
| --- |

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

- ✓ ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- ✓ വിലവിവരപട്ടിക തയ്യാറാക്കൽ
- ✓ ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- ✓ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- ✓ സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- ✓ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

- ✓ സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- ✓ പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- ✓ "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- ✓ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

(നോട്ട് നാണയം ഇവ ഉപയോഗിക്കാം)

## ഡിസംബർ

- ❖ സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- ❖ സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

- ❖ രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

| ജനുവരി |
| --- |

1. വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

2. സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

| ഫെബ്രുവരി |
| --- |

- ➢ ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ➢ ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

| മാർച്ച് |
| --- |

- ➢ കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- ➢ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- ➢ കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- ➢ കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ➢ ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# ACADEMIC MASTER PLAN 2025-26

# ENGLISH

**<u>Aim</u>**

To speak, Read, & write English without any mistakes

- Pre-test
- To develop listening skills & reading skills first
- Listening skills
- Games, Action songs Hello English activities,2 conversations, skit stories
- Use ICT
- Speaking skills
- Descriptions, growing sentences, picture reading, picture description self introduction Assembly activities- speech, book review, quiz riddles, self introduction. School radio etc

**Reading skills**

Newspaper reading, library books reading, book review, reading breaking news, find words. collect and read past tense, rhyming words, describing words etc Textbook activities

**Writing skills**

Make word web, picture description, word chain sentence chain, make words, & sentences make riddles, conversations, add more lines, develop story, description, notice proclamation, diary letter Announcement, magazines

# ഒന്നാം ടേം ക്ലാസ് പി.ടി.എ അജണ്ട

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | • പഠനോപകരണ നിർമ്മാണ ശില്പശാല<br>• പഠന പിന്തുണ എങ്ങനെ നൽകാം<br>• കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ (പ്രക്രിയ ബോധ്യപ്പെടുത്തൽ )<br>• ഈ മാസം കുട്ടികൾ നേടേണ്ട ശേഷികൾ<br>• രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായരീതി | • എസ് ആർ ജി യോഗം<br>• ചുമതലാ വിഭജനം<br>• എസ്.എം.സി / പി.ടി.എ യോഗം<br>• നിർമാണ ശില്പശാലക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ |
| ജൂലൈ | • അക്കാദമികം<br>• ഡയറിയെഴുത്ത്<br>• പ്രവർത്തന ബുക്ക് വിശകലനം<br>• കുട്ടികളുടെ വായനയും എഴുത്തും പുരോഗതി പിന്തുണ | • എസ് ആർ ജി<br>• സി പി ടി എ<br>• ഓൺലൈൻ സി പി ടി എ |
| ആഗസ്റ്റ് | • വായനോത്സവം<br>• രചനോത്സവം<br>• തത്സമയ വിലയിരുത്തൽ | • വായനമൂല ഒരുക്കൽ<br>• ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |

കുട്ടികളുടെ പൊതു പഠന നിലവാരം രക്ഷിതാക്കൾക്ക് വിലയിരുത്താനുതകുന്ന പ്രവർത്തനങ്ങൾ cpta യിലൂടെ സാധ്യമാകണം .ആശയാവതരണ രീതിയിലൂടെ കുട്ടി ഭാഷാ ശേഷികൾ നേടുന്നതിന്റെ നേരനുഭവ പ്രവർത്തനങ്ങൾ ഒരുക്കണം .പഠനോപകരണ ശില്പ ശാല എന്തിനു എന്ന് ഓരോ രക്ഷിതാവിനും ബോധ്യപ്പെടണം .

വിഷയ മേഖലകൾ

# സമഗ്രാസൂത്രണം

മലയാളം

യൂണിറ്റ് 1: മഴയോ മഴ

| പഠനലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * പാട്ടിന്റെ ഈണം കണ്ടെത്തി ആംഗ്യവും താളവും ഭാവവും ഉൾപ്പെടുത്തി ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു. * പാഠഭാഗത്തെ വരികൾ വ്യാഖ്യാനിക്കുകയും ആശയം ഗ്രഹിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു. * കഥകൾ പറയുകയും കേൾക്കുകയും നിർമ്മിക്കുകയും ശേഖരിക്കുകയും ചെയ്തുകൊണ്ട് ചെറുകഥാ രചനയിൽ ഏർപ്പെടുന്നു. ഒരു കഥാസമാഹാരം തയ്യാറാക്കുന്നു. * നൽകിയിട്ടുള്ള വായനാ സാമഗ്രികൾ വായിച്ച് ആശയം ഗ്രഹിക്കുകയും വ്യക്തിപരമായ അനുഭവങ്ങൾ രേഖാ രൂപത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. * മഴയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ പരിചയപ്പെടുന്നു. കൂടുതൽ ശേഖരിക്കുന്നു. അവ രേഖപ്പെടുത്തുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. * ആത്മകഥാപരമായ രചനകൾ വായിക്കുകയും ആശയം ഗ്രഹിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു. * സവിശേഷതകൾ ഉൾക്കൊണ്ട് ഒരു സംഭാഷണം തയ്യാറാക്കുന്നു. * പോസ്റ്റർ വാക്യങ്ങളുടെ പ്രസക്തി മനസ്സിലാക്കുന്നു. | * പാട്ട് പാടൽ: അധ്യാപകനും കുട്ടികളും താളവും ഭാവവും ഉൾപ്പെടുത്തി വരികൾക്കനുസരിച്ച് പാടുന്നു. തദ്ദേശീയമായ താളവാദ്യങ്ങൾ, ചിരട്ട, വെള്ളം നിറച്ച കുപ്പികൾ എന്നിവ ഉപയോഗിക്കുന്നു. പഠനപ്രവർത്തനങ്ങൾക്കിടയിൽ അധ്യാപകന്റെ വിശകലനാത്മകമായ ചോദ്യങ്ങൾ. * അധ്യാപകൻ ക്ലാസ്സിൽ ചില കടങ്കഥകൾ അവതരിപ്പിക്കുന്നു. കുട്ടികൾക്ക് വീട്ടിൽ നിന്നും/മറ്റുള്ളവരിൽ നിന്നും കേട്ട കടങ്കഥകൾ പങ്കുവെക്കാൻ അവസരം നൽകുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് "കടങ്കഥാ കളി" സംഘടിപ്പിക്കുന്നു. പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള ചർച്ചയും ചോദ്യോത്തരങ്ങളും. * അനുഭവങ്ങൾ കുറിപ്പുകളായി അല്ലെങ്കിൽ ചിത്രങ്ങളായി എഴുതുന്നു. "മഴക്കാലം എനിക്കിഷ്ടമാണ്" എന്നതിനെക്കുറിച്ച് ഒരു ചെറു ലേഖനം. അധ്യാപകൻ പഴഞ്ചൊല്ലുകളുടെ അർത്ഥം വിശദീകരിക്കുന്നു. കുട്ടികൾ രക്ഷിതാക്കളിൽ നിന്നും/മറ്റുള്ളവരിൽ നിന്നും പഴയ പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു. ഗ്രൂപ്പുകളായി പുതിയ പഴഞ്ചൊല്ലുകൾ നിർമ്മിക്കുന്നു. * ഗ്രൂപ്പുകളായി ചോദ്യങ്ങൾക്ക് ചർച്ച ചെയ്യുകയും ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. വാക്യങ്ങളിൽ നിന്ന് ഉള്ളടക്കം തിരിച്ചറിയുന്നു. * ഒരു പ്രസക്തമായ സാഹചര്യത്തെ അടിസ്ഥാനമാക്കി ഒരു സംഭാഷണ മാതൃക തയ്യാറാക്കുന്നു. കുട്ടികൾക്ക് സംഭാഷണങ്ങൾ എഴുതുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നു. റോൾ പ്ലേ അവതരണം. * "മഴയും | 2025 ജൂൺ ആദ്യ രണ്ടാഴ്ച |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| പോസ്റ്റർ നിർമ്മാണത്തിൽ ഏർപ്പെടുന്നു. | ജലസേചനവും", "മഴക്കാല രോഗങ്ങൾ" തുടങ്ങിയ വിഷയങ്ങളിൽ പോസ്റ്റർ നിർമ്മാണം. | |

പരിസര പഠനം - യൂണിറ്റ് 1: മഴയോ മഴ

| പഠനലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ജലവുമായി ബന്ധപ്പെട്ട വ്യത്യസ്ത പഠന വിഷയങ്ങളിൽ ഏർപ്പെടുകയും നിരീക്ഷണങ്ങളും കണ്ടെത്തലുകളും രേഖപ്പെടുത്തുകയും ചെയ്യുന്നു. * നിരീക്ഷണത്തിലൂടെയും അനുഭവങ്ങളിലൂടെയും അടുത്തുള്ള ജലസ്രോതസ്സുകൾ തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. * ജലസ്രോതസ്സുകൾ മലിനമാകുന്ന വ്യത്യസ്ത സാഹചര്യങ്ങൾ തിരിച്ചറിയുകയും ജലസ്രോതസ്സ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. | * ജലസ്രോതസ്സുകളെക്കുറിച്ചുള്ള ക്ലാസ് ചർച്ച. സ്കൂളിന് ചുറ്റുമുള്ള ജലസ്രോതസ്സുകൾ കാണാനായി ഒരു റൂട്ട് മാപ്പ് തയ്യാറാക്കൽ. ജലസംരക്ഷണവുമായി ബന്ധപ്പെട്ട കഥകൾ/പഴഞ്ചൊല്ലുകൾ കുട്ടികൾ പങ്കുവെക്കുന്നു. * ജലത്തിന്റെ പ്രാധാന്യം ചിത്രീകരിക്കുന്ന ഒരു ഹ്രസ്വചിത്രം/വീഡിയോ കാണുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. * ജലമലിനീകരണത്തെക്കുറിച്ച് ദൃശ്യാവിഷ്കാരത്തിലൂടെ (ചിത്രങ്ങൾ/വീഡിയോകൾ) ചർച്ച നടത്തുന്നു. കുട്ടികളോട് അവരുടെ പ്രദേശത്തെ മലിനീകരണ ഉദാഹരണങ്ങൾ പങ്കുവെക്കാൻ ആവശ്യപ്പെടുന്നു. സംരക്ഷണത്തിനുള്ള പോസ്റ്ററുകൾ, സന്ദേശങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ തയ്യാറാക്കൽ. | 2025 ജൂൺ ആദ്യ രണ്ടാഴ്ച |

കലാ കായിക പ്രവൃത്തി പരിചയം -

യൂണിറ്റ് 1: മഴയോ മഴ

| പഠനലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ചിത്രം വരയ്ക്കൽ: ചിത്രങ്ങൾ വരയ്ക്കുകയും ഉചിതമായി നിറം നൽകുകയും ചെയ്യുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു. * ഒരു പാട്ടിലെ അല്ലെങ്കിൽ കവിതയിലെ ആശയങ്ങൾ പാടി അവതരിപ്പിക്കുന്നു. * വിവിധ കളികളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുക. * പേപ്പർ കട്ടിങ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | * പ്രകൃതിദത്തമായ നിറങ്ങൾ കാണിച്ച് കുട്ടികളുടെ നിറങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നു. കുട്ടികളുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കി ചിത്രങ്ങൾ പൂർത്തിയാക്കാൻ പ്രേരിപ്പിക്കുന്നു. നിറങ്ങൾ ഉപയോഗിച്ച് വികാരങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള വഴികൾ പഠിപ്പിക്കുന്നു. കുട്ടികൾക്ക് വരയ്ക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമായി വിശദീകരിക്കുന്നു. ഘട്ടം ഘട്ടമായുള്ള ഡ്രോയിംഗ് പ്രവർത്തനം ഒരു മാതൃകയായി കാണിക്കുന്നു. വിവിധ വസ്തുക്കളുടെ രൂപങ്ങൾ ഉപയോഗിച്ച് വരയ്ക്കാൻ പഠിപ്പിക്കുന്നു. * ഒരു മാതൃകാ ആലാപനം അവതരിപ്പിക്കുന്നു. പാട്ട് പഠിപ്പിക്കുമ്പോൾ അർത്ഥം മനസ്സിലാക്കാൻ സഹായിക്കുന്നു. ഗ്രൂപ്പ് ആലാപനത്തിനും ഒറ്റയ്ക്ക് പാടുന്നതിനും അവസരങ്ങൾ നൽകുന്നു. സാധാരണ ശ്രുതിയിൽ രാഗഭാവം ഉൾപ്പെടുത്തി പാടാൻ പ്രേരിപ്പിക്കുന്നു. * വിശകലനം ചെയ്ത ആക്റ്റിവിറ്റി ഷീറ്റുകൾ. പ്രവർത്തന ചിത്രങ്ങൾ. വിവിധ ഗ്രൂപ്പ് ആക്റ്റിവിറ്റികൾ, ബാലൻസ്, റണ്ണിംഗ്, ഹോപ്, ത്രോ, കാച്ച് തുടങ്ങിയ കളികളിലൂടെ പരിശീലനം നൽകുക. സിമ്പിൾ obstacle games മുഖേന തീരുമാനമെടുക്കലും ചിന്താവിധിയും ഉദ്ദേശിക്കുക. * പേപ്പർ കട്ടിംഗിന്റെ സിമ്പിൾ ടെക്നിക്കുകൾ പഠിപ്പിക്കുക. ഫോൾഡിംഗ്, കട്ടിംഗ്, പേസ്റ്റിംഗ് | 2025 ജൂൺ ആദ്യ രണ്ടാഴ്ച |

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| | എന്നിവയിലൂടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക. | |
| | | |
| | | |

യൂണിറ്റ് **2:** നന്നായ് ഉണ്ണാൻ

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * കഥകളും കവിതകളും വായിച്ച് ആസ്വദിക്കുന്നു. * കഥകളും കവിതകളും വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. * ഒരു കവിതയ്ക്ക് വരികൾ കൂട്ടിച്ചേർക്കുന്നു. ഈണവും താളവും നിലനിർത്തി ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു. * ഒരു കവിത വായിച്ച് അതിലെ വിവിധ പ്രവർത്തന ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നു. * ഒരു സംഭാഷണ ഭാഗം ഉചിതമായി പൂർത്തിയാക്കുന്നു. * കടങ്കഥകൾ വായിക്കുകയും കേൾക്കുകയും ശേഖരിക്കുകയും ചെയ്തുകൊണ്ട് കടങ്കഥാ മത്സരങ്ങളിൽ ഏർപ്പെടുന്നു. * പഴഞ്ചൊല്ലുകൾ പരിചയപ്പെടുന്നു. ശേഖരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. * വാക്കുകൾ ചേർത്ത് പറയുകയും/എഴുതുകയും ചെയ്യുന്നു. * ഒരു ചിത്രകഥയെ കഥയാക്കി മാറ്റുന്നു. | * കുട്ടികൾക്ക് വായിക്കാൻ കഥാപുസ്തകങ്ങളും കവിതാസമാഹാരങ്ങളും നൽകുന്നു. വായനാ അനുഭവങ്ങൾ പങ്കുവെക്കാൻ അവസരമൊരുക്കുന്നു. * പാഠഭാഗത്തെ കഥ/കവിതയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾ കണ്ടെത്താൻ പ്രേരിപ്പിക്കുന്നു. * നിലവിലുള്ള ഒരു കവിതയുടെ മാതൃകയിൽ പുതിയ വരികൾ എഴുതാൻ പ്രേരിപ്പിക്കുന്നു. ഈണത്തിലും താളത്തിലും അവതരിപ്പിക്കാൻ പഠിപ്പിക്കുന്നു. * കവിതയുടെ ഘടനയും ആശയങ്ങളും വിശകലനം ചെയ്യാൻ സഹായിക്കുന്നു. * ചിത്രങ്ങളോ സാഹചര്യങ്ങളോ നൽകി സംഭാഷണങ്ങൾ പൂർത്തിയാക്കാൻ നിർദ്ദേശിക്കുന്നു. റോൾ പ്ലേയ്ക്ക് അവസരം നൽകുന്നു. * വിവിധ കടങ്കഥകൾ പരിചയപ്പെടുത്തുന്നു. കടങ്കഥകൾ നിർമ്മിക്കാനും ശേഖരിക്കാനും പ്രേരിപ്പിക്കുന്നു. * വിവിധ പഴഞ്ചൊല്ലുകൾ പരിചയപ്പെടുത്തുകയും അവയുടെ അർത്ഥം വിശദീകരിക്കുകയും ചെയ്യുന്നു. പുതിയ പഴഞ്ചൊല്ലുകൾ ശേഖരിക്കാൻ നിർദ്ദേശിക്കുന്നു. * പുതിയ വാക്കുകൾ പരിചയപ്പെടുത്തുന്നു. അവ ചേർത്ത് വാക്യങ്ങൾ പറയുന്നതിനും എഴുതുന്നതിനും പരിശീലനം നൽകുന്നു. * ഒരു ചിത്രകഥ നൽകി അതിനെ ഒരു സാധാരണ കഥയാക്കി മാറ്റാൻ പ്രേരിപ്പിക്കുന്നു. | 2025 ജൂൺ അവസാന രണ്ടാഴ്ച |

പരിസര പഠനം - യൂണിറ്റ് **2: നന്നായ് ഉണ്ണാൻ**

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * കാർഷിക ഉപകരണങ്ങൾ നേരിട്ടുള്ള അനുഭവങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും തിരിച്ചറിയുന്നു. അവയുടെ ഉപയോഗങ്ങൾ കണ്ടെത്തുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു. * ചുറ്റുപാടുകൾ നിരീക്ഷിച്ചും ഗവേഷണം ചെയ്തും, ചിത്രങ്ങളും വീഡിയോകളും കണ്ടും വിവിധ മൃഗങ്ങൾക്ക് ഭക്ഷണമായി വർത്തിക്കുന്ന കാർഷിക വിളകൾ പട്ടികപ്പെടുത്തുന്നു. | * കാർഷിക ഉപകരണങ്ങളുടെ ചിത്രങ്ങൾ കാണിക്കുന്നു. അവയുടെ പേരുകളും ഉപയോഗങ്ങളും ചർച്ച ചെയ്യുന്നു. കുട്ടികളെ അവരുടെ വീടുകളിലോ ചുറ്റുപാടുകളിലോ ഉള്ള ഉപകരണങ്ങൾ നിരീക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. * വിവിധ കാർഷിക വിളകളുടെ ചിത്രങ്ങൾ കാണിക്കുന്നു. ഏതൊക്കെ മൃഗങ്ങൾ അവ കഴിക്കുന്നു എന്ന് ചർച്ച ചെയ്യുന്നു. വീഡിയോകൾ കാണിക്കുന്നു. | 2025 ജൂൺ അവസാന രണ്ടാഴ്ച |

കലാ കായിക പ്രവൃത്തി പരിചയം -

യൂണിറ്റ് **2: നന്നായ് ഉണ്ണാൻ**

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * അഭിനയം: കഥയിലെ ഒരു ഭാഗം അഭിനയിച്ച് കാണിക്കുന്നു. * ചിത്രം വരയ്ക്കൽ: കഥയിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ ചിത്രങ്ങളാക്കി മാറ്റുന്നു. * നിർമ്മാണം: കളിമണ്ണ്/മാവ് ഉപയോഗിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും മാതൃകകൾ നിർമ്മിക്കുന്നു. | * ഒരു കഥയുടെ ഒരു ഭാഗം നൽകി, കഥാപാത്രങ്ങളെയും സാഹചര്യങ്ങളെയും അഭിനയിച്ച് കാണിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. * വായിച്ച കഥയിലെ ഇഷ്ടപ്പെട്ട രംഗം വരയ്ക്കാനും നിറം നൽകാനും നിർദ്ദേശിക്കുന്നു. * കളിമണ്ണ്/മാവ് നൽകി വിവിധ പഴങ്ങളുടെയും പച്ചക്കറികളുടെയും മാതൃകകൾ നിർമ്മിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | 2025 ജൂൺ അവസാന രണ്ടാഴ്ച |

യൂണിറ്റ് **3:** എന്താണമ്മേ സ്വാതന്ത്ര്യം

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ലഘു ലേഖനങ്ങളും വാർത്തകളും വായിച്ച് ആശയം ഗ്രഹിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും ചെയ്യുന്നു. * പുതിയ പദങ്ങൾ കണ്ടെത്തുകയും അവ വാക്യങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. * സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ ലഘു വാക്യങ്ങളിൽ എഴുതുന്നു. * ദേശഭക്തിഗാനങ്ങൾ പാടുകയും അതിലെ ആശയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. | * സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ലഘു ലേഖനങ്ങളും പത്രവാർത്തകളും ക്ലാസ്സിൽ അവതരിപ്പിക്കുന്നു. അവ വായിച്ച് ചർച്ച ചെയ്യാനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും പ്രേരിപ്പിക്കുന്നു. * പാഠഭാഗത്തുനിന്നും പുതിയ പദങ്ങൾ കണ്ടെത്താൻ നിർദ്ദേശിക്കുന്നു. അവ ഉപയോഗിച്ച് സ്വന്തം വാക്യങ്ങൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. * "സ്വാതന്ത്ര്യം എന്നാൽ എന്ത്?" എന്ന വിഷയത്തിൽ കുട്ടികൾക്ക് താൽപ്പര്യമുള്ള രീതിയിൽ (ചിത്രം വരച്ച്, എഴുതി) ആശയങ്ങൾ രേഖപ്പെടുത്താൻ അവസരം നൽകുന്നു. * വിവിധ ദേശഭക്തിഗാനങ്ങൾ പഠിപ്പിക്കുന്നു. അവയുടെ അർത്ഥവും പ്രാധാന്യവും ചർച്ച ചെയ്യുന്നു. | 2025 ജൂലൈ ആദ്യ രണ്ടാഴ്ച |

പരിസര പഠനം **-** യൂണിറ്റ് **3:** എന്താണമ്മേ **സ്വാതന്ത്ര്യം**

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ദേശീയ ചിഹ്നങ്ങളും അവയുടെ പ്രാധാന്യവും തിരിച്ചറിയുന്നു. * ദേശീയ ആഘോഷങ്ങളിൽ പങ്കാളിയാകുകയും അവയുടെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നു. | * ഇന്ത്യയുടെ ദേശീയ ചിഹ്നങ്ങളായ ദേശീയ പതാക, ദേശീയ ഗാനം, ദേശീയ മൃഗം, പക്ഷി, പുഷ്പം തുടങ്ങിയവയുടെ ചിത്രങ്ങൾ കാണിക്കുകയും അവയെക്കുറിച്ച് ലഘു വിവരണം നൽകുകയും ചെയ്യുന്നു. * സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ആഘോഷങ്ങളെക്കുറിച്ച് സംസാരിക്കുന്നു. ഈ ദിവസങ്ങളിൽ നടക്കുന്ന പ്രധാന പരിപാടികൾ ചർച്ച ചെയ്യുന്നു. | 2025 ജൂലൈ ആദ്യ രണ്ടാഴ്ച |

കലാ കായിക പ്രവൃത്തി പരിചയം **-**

യൂണിറ്റ് **3:** എന്താണമ്മേ സ്വാതന്ത്ര്യം

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ദേശീയ ചിഹ്നങ്ങളുടെ ചിത്രങ്ങൾ വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു. * ദേശഭക്തിഗാനങ്ങൾക്ക് അനുസരിച്ച് നൃത്തം ചെയ്യുകയും താളബോധം പ്രകടിപ്പിക്കുകയും ചെയ്യുന്നു. | * ദേശീയ പതാക, ദേശീയ പുഷ്പം (താമര) തുടങ്ങിയവയുടെ ചിത്രങ്ങൾ വരയ്ക്കാൻ നിർദ്ദേശിക്കുകയും അവയ്ക്ക് ശരിയായ നിറം നൽകാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. * ദേശഭക്തിഗാനങ്ങൾ കേൾപ്പിച്ച് അതിനനുസരിച്ച് ലളിതമായ നൃത്ത ചലനങ്ങൾ ചെയ്യാനോ | 2025 ജൂലൈ ആദ്യ രണ്ടാഴ്ച |

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| | താളത്തിനൊത്ത് കൈയടിക്കാനോ പ്രേരിപ്പിക്കുന്നു. | |

യൂണിറ്റ് **4:** പൂരം പൊടിപൂരം

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ഉത്സവങ്ങളെയും ആഘോഷങ്ങളെയും കുറിച്ച് വിവരിക്കാൻ കഴിവ് നേടുന്നു. * ഉത്സവങ്ങളുമായി ബന്ധപ്പെട്ട പദങ്ങളും പ്രയോഗങ്ങളും പരിചയപ്പെടുന്നു. * ഉത്സവങ്ങളെക്കുറിച്ച് ലഘു വിവരണങ്ങൾ എഴുതുന്നു. * ചിത്രങ്ങളിലൂടെയും മറ്റ് ദൃശ്യങ്ങളിലൂടെയും ഉത്സവ അനുഭവം പങ്കുവെക്കുന്നു. | * ഓണം, വിഷു, ഈദ്, ക്രിസ്മസ് തുടങ്ങിയ വിവിധ ഉത്സവങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. കുട്ടികളുടെ വ്യക്തിപരമായ ഉത്സവ അനുഭവങ്ങൾ പങ്കുവെക്കാൻ അവസരം നൽകുന്നു. * പൂരവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോകൾ എന്നിവ കാണിക്കുന്നു. ആനകൾ, ചെണ്ടമേളം, കുടമാറ്റം തുടങ്ങിയവയെക്കുറിച്ച് സംസാരിക്കുന്നു. * ഇഷ്ടപ്പെട്ട ഒരു ഉത്സവത്തെക്കുറിച്ച് ലളിതമായ വാക്യങ്ങളിൽ വിവരണങ്ങൾ എഴുതാൻ നിർദ്ദേശിക്കുന്നു. * ഉത്സവങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ (ഉദാ: പൂരം, മേളം, ആന, പടക്കം) പരിചയപ്പെടുത്തുകയും അവ വാക്യങ്ങളിൽ ഉപയോഗിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | 2025 ജൂലൈ അവസാന രണ്ടാഴ്ച |

പരിസര പഠനം - യൂണിറ്റ് **4:** പൂരം **പൊടിപൂരം**

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * പ്രാദേശിക ഉത്സവങ്ങളെയും ആചാരങ്ങളെയും കുറിച്ച് മനസ്സിലാക്കുന്നു. * വിവിധതരം മൃഗങ്ങളെയും പക്ഷികളെയും (ഉത്സവങ്ങളിൽ കാണുന്നവ) തിരിച്ചറിയുന്നു. | * തങ്ങളുടെ പ്രദേശത്തെ പ്രധാന ഉത്സവങ്ങളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും കുട്ടികൾ സംസാരിക്കുന്നു. * ഉത്സവങ്ങളുമായി ബന്ധപ്പെട്ട് കാണുന്ന മൃഗങ്ങളെയും പക്ഷികളെയും (ഉദാ: ആന, മയിൽ) ചിത്രങ്ങളിലൂടെയും നേരിട്ടും പരിചയപ്പെടുത്തുന്നു. | 2025 ജൂലൈ അവസാന രണ്ടാഴ്ച |

കലാ കായിക പ്രവൃത്തി പരിചയം - യൂണിറ്റ് **4:** പൂരം പൊടിപൂരം

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
| * ഉത്സവചിത്രങ്ങൾ വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു. * ചെണ്ടമേളത്തിന്റെ താളം അനുകരിക്കാൻ ശ്രമിക്കുന്നു. | * പൂരം, ഓണം തുടങ്ങിയ ഉത്സവങ്ങളുടെ ചിത്രങ്ങൾ വരയ്ക്കാൻ നിർദ്ദേശിക്കുന്നു. ആഘോഷങ്ങൾക്ക് അനുസരിച്ചുള്ള വർണ്ണങ്ങൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. * ചെണ്ടമേളത്തിന്റെ ശബ്ദം കേൾപ്പിക്കുകയും താളത്തിനനുസരിച്ച് കൈയടിക്കാനോ ഡ്രംസ് അനുകരിക്കാനോ പ്രേരിപ്പിക്കുന്നു. | 2025 ജൂലൈ അവസാന രണ്ടാഴ്ച |

യൂണിറ്റ് **5:** രുചിമേളം

| പാഠലക്ഷ്യങ്ങൾ | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് |
|---|---|---|
